# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5435 31.10.2016 ൽ - മറുപടിക്ക്

## റേഷൻ വ്യാപാരികൾക്ക് ഹോണറേറിയം അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച മാതൃകയിൽ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കേണ്ടത് എന്നായിരുന്നു; | (എ) 2013 ലെ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്ന് 365 ദിവസത്തിനകം നടപ്പാക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. |
| (ബി) ഭക്ഷ്യ സുരക്ഷാ നിയമം നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാത്തുമൂലം കേന്ദ്ര ഗവൺമെന്റ് അരിയുടെ അളവിൽ കുറവ് വരുത്തിയത് തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാത്തതിനാൽ എ.പി.എൽ വിഭാഗത്തിനുള്ള അരിയും, ഗോതമ്പിനും 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതു വരെയുള്ള കാലത്തേക്ക് താങ്ങുവില നിരക്കിലെ നൽകാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിരുന്നുവെങ്കിലും സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടത്തിവരുന്നതായി കേന്ദ്രത്തെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016 നവംബർ മുതൽ പ്രാബല്യം നൽകികൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുൻഗണനാ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതിന് പുറമേ ലഭിക്കുന്ന ടൈഡ് |

| | |
|---|---|
| | ഓവർ അലോട്ട്മെന്റ് നിലവിൽ എ.പി.എൽ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമായിരുന്ന അതേ വിലയിൽ തന്നെ ലഭിക്കുന്നതാണ്. |
| (സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിച്ചിരുന്നുവോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്; | (സി) കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട് കമ്പോണന്റ് 1 -ന് 7.3 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള രണ്ടാമത്തെ കമ്പോണന്റിലാണ് ഉൾപ്പെടുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ഡി) ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നാൽ വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ് കുറയുന്നതുമൂലം കമ്മീഷനിൽ ഗണ്യമായ കുറവു വരുന്നതു കൊണ്ട് റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാകും എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ | (ഡി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ കേന്ദ്ര ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ അളവിൽ കാര്യമായ കുറവ് വരുന്നതായി കാണുന്നില്ല. ആയതിനാൽ കമ്മീഷനിൽ ഗണ്യമായ കുറവ് വരാനുള്ള സാധ്യത കാണുന്നില്ല. |
| (ഇ) റേഷൻ വ്യാപാരികൾക്ക് നിശ്ചിത തുക ഹോണറേറിയം നൽകി അവരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഇ) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*